**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 02/2023

24 March 2023

# മതാധ്യാപകദിനം

ഈശോമിശിഹായിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപത ഇപ്പോഴും ശൈശവ ദിശയിൽ ആണെങ്കിലും വിശ്വാസ കൈമാറ്റം എന്ന അവളുടെ അതിപ്രധാനമായ ഉത്തരവാദിത്ത നിർവഹണത്തിൽ ശക്തമായ ചുവടുറപ്പിക്കുവാനും കൃത്യമായ ദിശാബോധം നൽകാനും നമ്മുടെ മതബോധന കമ്മീഷനു കഴിയുന്നുണ്ട് എന്നതിൽ നമുക്ക് ഈശോയ്ക്ക് നന്ദി പറയാം. നമുക്കിപ്പോൾ 124 മതബോധന കേന്ദ്രങ്ങളും 2212 അധ്യാപകരും, 12417 വിദ്യാർത്ഥികളും വിശ്വാസ പരിശീലന മേഖലയിൽ ഉണ്ട്.

എല്ലാ സൺഡേ സ്കൂളുകളും ഒന്നുപോലെ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയല്ലെങ്കിലും വിശ്വാസ കൈമാറ്റം എന്ന അടിസ്ഥാന ദൗത്യനിർവഹണത്തിൽ പങ്കുചേരുവാൻ അവയൊക്കെ പര്യാപ്തങ്ങളാണ്.

ഈശോമിശിഹാ തിരുസഭയെ ഭരമേല്പിച്ച ഏറ്റവും വലിയ ദൗത്യം പഠിപ്പിക്കുക എന്ന ദൗത്യമാണ്. സ്വർഗ്ഗാരോഹണ വേളയിൽ ഈശോ ശിഷ്യന്മാരെ ഒന്നിച്ചു കൂട്ടിയിട്ട് അവരെ ഭരമേൽപ്പിച്ചത് താൻ പഠിപ്പിച്ചവ ലോകമങ്ങും പോയി പഠിപ്പിക്കുവാനുള്ള ചുമതലയാണ് . ഈ പഠിപ്പിക്കൽ പ്രക്രിയയുടെ ഭാഗമായിട്ടാണ് ആരാധനക്രമങ്ങളും പുതിയ നിയമ ഗ്രന്ഥങ്ങളും വിവിധ ശുശ്രൂഷാ സംവിധാനങ്ങളും തിരുസഭയ്ക്ക് കരഗതമായത്. ഒരു വൈദികൻ ഒരു ഇടവകയുടെ ആധ്യാത്മിക ചുമതലക്കാരനായി നിയമിക്കപ്പെടുന്നത് പ്രധാനമായും മൂന്ന് ദൗത്യങ്ങൾ നിർവഹിക്കാൻ വേണ്ടിയാണ്. പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നിവയാണവ. ഇതിൽ പഠിപ്പിക്കൽ എന്ന ദൗത്യ നിർവഹണത്തിൽ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സഹകാരികളാണ് മതാധ്യാപകർ അഥവാ വിശ്വാസ പരിശീലകർ. നമ്മുടെ ഓരോ കേന്ദ്രങ്ങളിലും നടക്കുന്ന വിശ്വാസ പരിശീലന സംവിധാനങ്ങളുടെ ഏകോപനത്തിന്റെ ചുമതല കുറ്റമറ്റ രീതിയിൽ നമ്മുടെ മതബോധന കമ്മീഷൻ നിർവഹിക്കുന്നു എന്ന് പറയുന്നതിൽ എനിക്ക്

അതിയായ സന്തോഷമുണ്ട്. കമ്മീഷൻ ചെയർമാനും കമ്മീഷൻ സെക്രട്ടറിയും ടെക്നിക്കൽ കോഡിനേറ്ററും നിലവിലുള്ള എട്ട് റീജനുകളിലെ മതബോധന സെക്രട്ടറിമാരും ചേരുന്ന നമ്മുടെ രൂപതാ മതബോധന കമ്മീഷൻ ഏറെ അധ്വാനം ആവശ്യമുള്ള ഈ ശുശ്രൂഷയിൽ എപ്പോഴും കർമ്മനിരതരായി ഒന്നുചേർന്നുനിൽക്കുന്നു. വിശ്വാസ കൈമാറ്റം തെറ്റ് കൂടാതെയും കുറവ് കൂടാതെയും നിർവഹിക്കുക എന്നത് അതീവ ജാഗ്രത ആവശ്യമുള്ള കാര്യവുമാണ്. ഇതിന് നേതൃത്വപരമായ ശുശ്രൂഷ നിർവഹിക്കുന്ന മതബോധന കമ്മീഷന്റെ പ്രവർത്തനങ്ങളെ രൂപത ആദരിക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നു.

നമ്മുടെ രൂപതയിൽ ഈ വർഷം മെയ് 1 തിങ്കളാഴ്ച മതാധ്യാപക ദിനമായി ആചരിക്കുകയാണ്. തുടർന്നുള്ള വർഷങ്ങളിലും മെയ്ദിനത്തോടനുബന്ധിച്ച ബാങ്ക് ഹോളിഡേ വിശ്വാസ പരിശീലകരുടെ ഒന്നുചേരൽ ദിനമായി ആചരിക്കാനാണാഗ്രഹിക്കുന്നത്. മെയ് 1 തിങ്കളാഴ്ച മാഞ്ചസ്റ്റർ ഫോറം സെന്ററിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടക്കുന്ന സമ്മേളനത്തിലേക്ക് എല്ലാ വിശ്വാസ പരിശീലകരേയും ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട വൈദികരും തങ്ങളുടെ വിശ്വാസ പരിശീലന കേന്ദ്രത്തിലെ അധ്യാപകരെ ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. അവർക്കുള്ള യാത്രാസൗകര്യങ്ങൾ അതാതു മിഷനുകളിൽ നിന്ന് തരപ്പെടുത്തുന്നതോടൊപ്പം പങ്കെടുക്കുന്ന ഓരോ അധ്യാപകനും £5 വീതം രജിസ്ട്രേഷൻ ഫീസായി മതബോധന കമ്മീഷനിലേക്ക് നൽകണമെന്നും സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2023 മാർച്ച് 26 ന് വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്)